നമ്പർ - എൻ2/35011/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി. 29/06/2015
Phone: 0471-2328438
**Email:** **scholarshipdpi@gmail.com**

# സർക്കുലർ

വിഷയം - പൊതു വിദ്യാഭ്യാസം- ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീം 2015 -16 - **IX, X** ക്ലാസ്സുകളിലെ അപേക്ഷകൾ **Register** ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന - കേന്ദ്ര സർക്കാർ കത്ത് നം. എഫ് . 12/1/2015-എസ്.എസ് തീയതി.22/04/2015, 17/03/2015,18/05/2015

- **IX,X** ക്ലാസ്സുകളിലെ അപേക്ഷകളുടെ **Registration :-**

  - ആദ്യം **National Scholarship Portal** ലെ **Operational Guidelines, Information Bulletin** സശ്രദ്ധം വായിക്കുക.

1. **http://www.scholarships.gov.in** എന്ന വെബ്സൈറ്റിലെ അപേക്ഷാ ഫോറത്തിലാണ് രജിസ്റ്റർ ചെയ്യേണ്ടത്.

2. കേന്ദ്രസർക്കാർ നിർദ്ദേശമനുസരിച്ച് തയ്യാറാക്കിയ **N2/35011/2015/DPI** നമ്പർ അപേക്ഷ പൂരിപ്പിച്ചതിനൊപ്പം **Log – in** തുടങ്ങുക.
3. കൂടുതൽ വ്യക്തതയ്ക്കായി **Chrome, Firefox, Internet Explorer** തുടങ്ങിയവ ഉപയോഗിക്കുക.

4. കുട്ടികൾക്ക് നേരിട്ട് തങ്ങളുടെ അപേക്ഷ **Register** ചെയ്യാവുന്നതാണ്. കുട്ടി പഠിക്കുന്ന സ്കൂളിലെ കമ്പ്യൂട്ടർ ഉപയോഗിച്ച്, അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ ചെയ്താൽ, തെറ്റുകൂടാതെ എൻട്രി ചെയ്യാം.

5. **Register** ചെയ്യുമ്പോൾ സിസ്റ്റം ജനറേറ്റ് ചെയ്യുന്ന **Registration Number, Date of Birth** എന്നിവ ഉപയോഗിച്ച് കുട്ടിയ്ക്ക് തന്റെ അപേക്ഷയുടെ സ്ഥിതി പരിശോധിക്കാവുന്നതും, അപേക്ഷ പുതുക്കാവുന്നതുമാണ്.

6. അപേക്ഷയോടൊപ്പം വാർഷിക വരുമാനം, മാർക്ക് ഷീറ്റ്, ബാങ്ക് വിവരങ്ങൾ, കാറ്റഗറി, ജാതി/മതം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

7. അപേക്ഷയിൽ രേഖപ്പെടുത്തുന്ന മൊബൈൽ നമ്പറിലേയ്ക്ക് അപ്പപ്പോഴുള്ള **SMS, E-Mail** അലർട്ടുകൾ ലഭിക്കുന്നതാണ്.

8. അപേക്ഷകൾ പുതുക്കുന്നതിന് മുൻവർഷത്തെ അപേക്ഷ **Import** ചെയ്താൽ മതിയാകും.

9. **Role based unique Login ID and Password** എന്നിവ എല്ലാ **Stake Holders** നും ലഭിക്കുന്നതാണ്.

- തെറ്റായ വിവരങ്ങൾ ഹാജരാക്കിയതായി ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ, 5 വർഷത്തേയ്ക്ക് കരിമ്പട്ടികയിൽ ചേർക്കുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ അപേക്ഷകനെതിരെ സ്വീകരിക്കുന്നതാണ്.

- **Submit** ചെയ്യുന്നതിന് മുമ്പ് **Enter** ചെയ്ത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആയത് **Edit** ചെയ്യുന്നതിനുള്ള അവസരം വീണ്ടും ലഭിക്കുന്നതല്ല.

- അപേക്ഷകൻ ഒന്നിൽ കൂടുതൽ രജിസ്ട്രേഷൻ നടത്തുന്നത് നിരോധിച്ചിട്ടുണ്ട്. അത്തരത്തിൽ ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ സ്കീമിൽ നിന്നും ഒഴിവാക്കുന്നതാണ്.

- അപേക്ഷകൾ ഓൺലൈൻ ലൂടെയേ സ്വീകരിക്കുകയുള്ളൂ. യാതൊരു കാരണവശാലും മറ്റുമാർഗ്ഗങ്ങളിലൂടെ സ്വീകരിക്കുന്നതല്ല.

- *ചിഹ്നം രേഖപ്പെടുത്തിയ കോളങ്ങൾ നിർബന്ധമായും പൂരിപ്പിക്കേണ്ടവയാണ് (**Mandatory**).

- കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ **040-23120500 (501,502,503,504,505)**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**(ഇൻചാർജ്ജ്)**

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ സ്കൂളധികാരികൾക്കും (ഡി.ഇ.ഒ/എ.ഇ.ഒ.മുഖേന)
4. എല്ലാ കളക്ടറേറ്റുകളിലെയും ന്യൂനപക്ഷ സെല്ലുകളിലേയ്ക്ക്
5. വെബ്സൈറ്റിലേയ്ക്ക്
6. കരുതൽ ഫയൽ.